**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 740** | **17-09-2025 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ (ആർ.ടി.എസ്.) പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കി വരുന്ന പുരപ്പുറ സൗരോർജ്ജ (ആർ.ടി.എസ്.) പദ്ധതി നിർത്തലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | നിലവിൽ നടപ്പിലാക്കി വരുന്ന പുരപ്പുറ സൗരോർജ്ജ (RTS) പദ്ധതി (PM-സൂര്യഘർ) നിർത്തലാക്കാനുള്ള തീരുമാനം എടുത്തിട്ടില്ല. |
| (ബി) | ലക്ഷങ്ങൾ മുടക്കി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച ഉപഭോക്താക്കളെ നിരാശരാക്കുന്ന, ഗ്രിഡിലേക്ക് വൈദ്യുതി വാങ്ങുന്നത് നിർത്തിവെക്കാനുള്ള ഈ നീക്കം പുനഃപരിശോധിക്കുമോ; | (ബി) | ഗ്രിഡിലേക്ക് വൈദ്യുതി വാങ്ങുന്നത് നിർത്തിവെക്കാൻ പോകുന്നു എന്നത് പരിഗണനയിലില്ല. |
| (സി) | സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉയർന്ന വിലയ്ക്ക് താപ വൈദ്യുതി വാങ്ങുന്ന സാഹചര്യം ഒഴിവാക്കുവാനും കൂടുതൽ വൈദ്യുതി സംഭരിച്ചു വെക്കാവുന്ന സ്റ്റോറേജ് പ്ലാന്റുകൾ സ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) | പീക്ക്, ഓഫ് പീക്ക് സമയങ്ങളിലെ ഡിമാൻഡ് അന്തരവും നിരക്ക് വ്യത്യാസവും നിയന്ത്രിച്ച് ഗ്രിഡ് മാനേജ് ചെയ്യുന്നതിന് എനർജി സ്റ്റോറേജ് സംവിധാനങ്ങൾ അത്യന്താപേക്ഷിതമാണ്. സ്റ്റോറേജ് സംവിധാനങ്ങൾ ഏർപ്പെടുത്തുക വഴി പകൽ സമയത്ത് ലഭ്യമാകുന്ന വൈദ്യുതി സംഭരിച്ച് വൈദ്യുത ആവശ്യകത കൂടുതലായ പീക്ക് സമയത്തു ഉപയോഗിക്കുവാനും ഉയർന്ന വില നൽകി താപവൈദ്യുതി ഉൾപ്പെടെയുള്ള വൈദ്യുതി വാങ്ങുന്നത് കുറയ്ക്കുവാനും ഉപകരിക്കും.<br><br>പമ്പ്ഡ് സ്റ്റോറേജ് സ്റ്റേഷനുകൾ, ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) എന്നിവ സ്ഥാപിച്ച് ഈ പ്രതിസന്ധി ലഘൂകരിക്കാൻ കഴിയും. പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങൾ സ്ഥാപിക്കാൻ കൂടുതൽ സമയം വേണ്ടി വരുമെന്നതിനാൽ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും 1000 മെഗാവാട്ട് സ്റ്റോറേജ് സ്ഥാപിക്കുന്നതിൽ തുടക്കമെന്ന നിലയിൽ 500 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിന്റെ രണ്ട് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. |

കാസറഗോഡ് ജില്ലയിലെ മൈലാട്ടി 220 കെ.വി. സബ്സ്റ്റേഷനിൽ 125 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയെ ഇംപ്ലിമെന്റിംഗ് ഏജൻസി ആയി ചുമതലപ്പെടുത്തുകയും 20.03.2025-ന് മൈലാട്ടി 220 കെ. വി. സബ്സ്റ്റേഷനിൽ 125 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ലെറ്റർ ഓഫ് അവാർഡ് ജെ.എസ്. ഡബ്ല്യൂ നിയോ എനർജി ലിമിറ്റഡിനു സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ നൽകുകയും ചെയ്തു.

കേന്ദ്ര ഗവൺമെൻറ് പൊതുമേഖലാ സ്ഥാപനമായ (നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ) എൻ.എച്ച്.പി.സി. യ്ക്ക് 1,500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കുവാൻ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുകയും, ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായി അതിൽ നിന്നും 500 മെഗാവാട്ടാവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) കേരളത്തിൽ സ്ഥാപിക്കുവാൻ അവർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർ നടപടിയായി 17.01.2025-നു ആയതിനുള്ള ടെൻഡർ (നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ) എൻ. എച്ച്. പി. സി. പ്രസിദ്ധീകരിക്കുകയും 09.07.2025–നു നാല് സബ്സ്റ്റേഷനുകളിലായി 125 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ലെറ്റർ ഓഫ് അവാർഡ് എൻ.എച്ച്.പി.സി. നൽകുകയും ചെയ്തു.

കാസറഗോഡ് ജില്ലയിലെ മുള്ളേരിയ സബ്സ്റ്റേഷനിൽ 15 മെഗാവാട്ട്/60 മെഗാവാട്ടവർ (BESS): ഒപ്പേറ എനർജി പ്രൈവറ്റ് ലിമിറ്റഡ്.

കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം സബ്സ്റ്റേഷനിൽ 40 മെഗാവാട്ട് / 160 മെഗാവാട്ടവർ (BESS) : എൻ റ്റി പി സി ഗ്രീൻ എനർജി ലിമിറ്റഡ്.

മലപ്പുറം ജില്ലയിലെ അരീക്കോട്. സബ്സ്റ്റേഷനിൽ 30 മെഗാവാട്ട്/120 മെഗാവാട്ടവർ (BESS) : ടാറ്റ പവർ റിന്യൂവബിൾ എനർജി ലിമിറ്റഡ്

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് സബ്സ്റ്റേഷനിൽ 40 മെഗാവാട്ട്/160 മെഗാവാട്ടവർ (BESS): എൻ. റ്റി. പി. സി. ഗ്രീൻ എനർജി ലിമിറ്റഡ്

| | | | |
|---|---|---|---|
| | | | എന്നിങ്ങനെയാണ് എൻ.എച്ച്.പി.സി. മുഖാന്തിരം BESS സ്ഥാപിക്കുന്നത്.<br><br>ഈ രണ്ടു പദ്ധതികളിലൂടെ 270 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമാകുകയും പ്രതിദിനം 1,000 മെഗാവാട്ടവർ വൈദ്യുതി സംഭരിക്കുവാനും സംസ്ഥാനത്തെ പീക്ക് സമയങ്ങളിലെ അധിക ഊർജ്ജ ആവശ്യകത നിറവേറ്റുവാനും ഉപകരിക്കും.<br><br>ഇതു കൂടാതെ കേന്ദ്ര ഊർജ്ജ മന്ത്രാലയം അനുവദിച്ച 90 കോടി രൂപയുടെ പി.എസ്.ഡി.എഫ്. വയബിലിറ്റി ഗ്യാപ് ഫണ്ട് പ്രയോജനപ്പെടുത്തി എറണാകുളം ജില്ലയിലെ ബ്രഹ്മപുരം 220 കെ. വി. സബ്സ്റ്റേഷൻ പരിസരത്തു 250 മെഗാവാട്ട്/ 500 മെഗാവാട്ടവർ (BESS) സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ